"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.ഗിരീഷ് എം.കെ. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2227/2024/LSGD തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം1463/2016/തസ്വഭവ തീയതി 15.04.2016
2. അക്കൗണ്ടന്റ് ജനറലിന്റെ 01.09.2023 ലെ GEO7/C/mcG5/375 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.07.2024 എന്നീ തീയതിയിലെ LSGD/PD/4644/2024- DEH2 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ഗിരീഷ് എം.കെ- ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ നിയമനം ലഭിക്കുകയും ടിയാൻ 25.04.2016 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് ടിയാൻ സമർപ്പിച്ചിരുന്ന അപേക്ഷയും, അനുബന്ധരേഖകളും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2) ശ്രീ.ഗിരീഷ്.എം.കെ നിരീക്ഷണ കാലയളവിൽ ആകസ്മികാവധി ഒഴികെയുള്ള അവധിയൊന്നും ഉപയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ടി കാലയളവിൽ ടിയാന്റെ ജോലിയും സ്വഭാവും തൃപ്തികരമായിരുന്നുവെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ/അച്ചടക്ക നടപടികളോ പ്രൊബേഷൻ കാലയളവിൽ ഉണ്ടായിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 25.04.2016 തീയതിയിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.ഗിരീഷ്.എം.കെ യുടെ പ്രൊബേഷൻ കാലയളവ് 24.04.2018 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. ടിയാൻ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷകൾ യഥാസമയം യോഗ്യത നേടിയിരുന്നില്ല. തുടർച്ചയായ മൂന്നു വർഷക്കാലയളവിനു ശേഷം 14.11.2022 ലാണ് ടിയാൻ നിർബന്ധിത വകുപ്പ് തല പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളത്. ടിയാൻ ടെസ്റ്റ് യോഗ്യത നേടിയത് 14.11.2022 തീയതിയിലായതിനാൽ നിരീക്ഷണകാലം 14.11.2022 അപരാഹ്നത്തിൽ പൂർത്തീകരിച്ചതായും 15.11.2022 പൂർവാഹ്നം പ്രാബല്യത്തിൽ വന്നതായി പ്രഖ്യാപിക്കുവാനും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകരണത്തിനു മുൻപ് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയുടെ നിയമനാധികാരി സർക്കാരായിരുന്നു. ഏകീകരണത്തിന്റെ പ്രാബല്യത്തീയതിയായ 27.10.2022 ന ശേഷമാണ് ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട തീയതി വരുന്നത്. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറാണ് ടി തസ്തികയുടെ നിയമനാധികാരി. ശ്രീ.ഗിരീഷ്.എം.കെ യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ 15.11.2022 തിയതി പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധത്തിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസിലെ ജനറൽ റൂളിലെ ചട്ടം 21 പ്രകാരം ശ്രീ.ഗിരീഷ് എം.കെ യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ കാലയളവ് 25.4.2018 മുതൽ 16.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ഗിരീഷ് എം.കെ. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III, പയ്യന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-11-2024 11:15:49
സെക്ഷൻ ഓഫീസർ